**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2616** **28-10-2026-ൽ മറുപടിയ്ക്ക്**

**വനാതിർത്തികളിലെ അനുമതിയില്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. കാരായി രാജൻ | ശ്രീ. ഷിബു ബേബി ജോൺ<br>(വനം, വന്യജീവി - നൈപുണ്യ വികസന<br>വകുപ്പ് മന്ത്രി) |

**(എ)** ആനത്താരകൾ തടസ്സപ്പെടുത്തിക്കൊണ്ട് വനാതിർത്തികളിൽ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് മതിലുകൾ, കെട്ടിടങ്ങൾ, വേലികൾ എന്നിവ പൊളിക്കുന്നതിന് ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ജില്ലാ കളക്ടറും നിർദ്ദേശം നൽകിയിട്ടുണ്ടോ;

**മറുപടി:** ഇടുക്കി ജില്ലയിലെ വനമേഖലയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലുള്ള വന്യജീവികളുടെ സ്വാഭാവിക സഞ്ചാര പാതകൾ തടസ്സപ്പെടുത്തുന്ന രീതിയിൽ അനധികൃതമായോ ആവശ്യമായ അനുമതികൾ ഇല്ലാതെയോ സ്ഥാപിച്ചിട്ടുള്ള വേലികൾ ഉൾപ്പെടെയുള്ള നിർമ്മാണങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിന് ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റി അധ്യക്ഷൻകൂടിയായ ഇടുക്കി ജില്ലാ കളക്ടർ 23.09.2026 ലെ DCIDK/5595/2025-DM3 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

**(ബി)** മൂന്നാർ, പീരുമേട്, ഉടുമ്പൻചോല തോട്ടം മേഖലകളിൽ വൈകിട്ട് ആറു മണി മുതൽ രാവിലെ ആറു മണി വരെ സഞ്ചാര നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഇടുക്കി ജില്ലയിൽ വനമേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷമുണ്ടാകുന്ന സാഹചര്യത്തിൽ പൊതുജനങ്ങളുടേയും തോട്ടം തൊഴിലാളികളുടേയും സുരക്ഷയ്ക്കായി വനമേഖലയോട് ചേർന്ന് കിടക്കുന്ന തോട്ടങ്ങളിലൂടെയുള്ള മനുഷ്യ സഞ്ചാരവും തോട്ടങ്ങളിലെ പണികളും വൈകിട്ട് ആറു മണി മുതൽ രാവിലെ ആറു മണിവരെ ഒഴിവാക്കുന്നതിന് നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്.

**(സി)** മേൽ ഉത്തരവുകൾക്കെതിരായ ജനകീയ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**